# ജനാബ് അബ്ദുസ്സലാം സുല്ലമി

## മുൻകാല മുജാഹിദ് നേതാക്കളെ മുശ്‌രിക്കുകളാക്കുന്നു.

### അബ്ദുസ്സലാം സുല്ലമിയുടെ ശിർക്കാരോപണം

ജനാബ് അബ്ദുസ്സലാം സുല്ലമിയുടെ നേതൃത്വത്തിൽ മടവൂർ വിഭാഗം പണ്ഡിതർ നടത്തിയ വളരെ ഗുരുതരമായ ഒരു ആരോപണമായിരുന്നു ഔദ്യോഗിക വിഭാഗം കെ എൻ എമ്മിലെ മുജാഹിദ് പണ്ഡിതർ മുശ്‌രിക്കുകളാണ് എന്നത്. കെ എൻ എം പണ്ഡിതന്മാർ ശിർക്കിലേക്ക് പോകുന്നവരായി ചിത്രീകരിക്കാൻ വേണ്ടി, സലാം സുല്ലമി പുസ്തകങ്ങൾ രചിക്കുകയും ശബാബ് വാരികയിൽ തുടർലേഖനം എഴുതുകയും ചെയ്തിട്ടുണ്ട്. അത് പോലെ ധാരാളം പ്രസംഗങ്ങളും അദ്ദേഹം നടത്തിയിട്ടുണ്ട്.

സ്വന്തം പ്രസിദ്ധീകരണങ്ങളിൽ എഴുതിയതിൽ തൃപ്തനാകാതെ, അദ്ദേഹം കാന്തപുരം സുന്നികൾ നടത്തുന്ന സെൻസിംഗ് മാസികക്ക് ഇന്റർവ്യൂ നൽകുകയും "മൗലവി വിഭാഗം മുശ്‌രിക്കുകളാണൊ?" എന്ന ചേദ്യത്തിന്ന് "അതെ, അവർ ശിർക്കിലേക്കുള്ള വാദങ്ങളാണു ഉന്നയിക്കുന്നത്" എന്ന് യാതൊരു സങ്കോചവും കൂടാതെ ഉത്തരം നൽകുകയും ചെയ്തു.




സെൻസിംഗ് മാസികയുടെ (2007 ഏപ്രിൽ) കവർ പേജ് ..

സെൻസിംഗ് മാസിക മറിച്ച് നോക്കാത്തവർക്ക് കൂടി സലാം സുല്ലമിയുടെ ഫത്‌വ മനസ്സിലാകാൻ വേണ്ടി "മൗലവി വിഭാഗം മുശ്‌രിക്കുകൾ - സലാം സുല്ലമി" എന്ന് സെൻസിംഗ് മാസികയുടെ പുറം ചട്ടയിൽ തന്നെ വലുതായി എഴുതിയിട്ടുണ്ട്. കവർ പേജിൽ താജുൽ ഉലമയുടെയും എം എ ഉസ്താദിന്റെയും കൂടെ സലാം സുല്ലമിയുടെ ഫോട്ടോ കൊടുത്ത് അവർ അദ്ദേഹത്തെ ആദരിച്ചിട്ടുമുണ്ട്.

### സുല്ലമിയുടെ പുതിയ ആരോപണങ്ങൾ എന്തെല്ലാം

കെ എൻ എം പണ്ഡിതന്മാരിൽ ശിർക്കൻ വിശ്വാസം ആരോപിക്കുതിന്ന് വേണ്ടി, എന്തെല്ലാം പുതിയ ആരോപണങ്ങളാണു സലാം സുല്ലമി ഉന്നയിക്കുന്നത് എന്ന് ഇപ്പോഴും സാധാരണ മടവൂർ വിഭാഗം പ്രവർത്തകർക്ക് കൃത്യമായി മനസ്സിലായിട്ടില്ല എന്നാണു അനുഭവം. എന്തൊക്കെയോ കുഴപ്പം പിടിച്ച പുതിയ വാദങ്ങൾ കെ എൻ എമ്മിലെ ചില യുവ പണ്ഡിതന്മാർക്കുണ്ട് എന്ന് മാത്രമാണു അവർക്ക് മനസ്സിലായിട്ടുള്ളത്.

സാധാരണ പ്രവർത്തകന്റെ ഭൂമികയിൽ നിന്ന് കൊണ്ട് വളരെ ലളിതമായ രൂപത്തിലുള്ള ഒരു വിശകലനം നടത്താനാണു ഉദ്ധേശിക്കുന്നത്. പണ്ഡിതോചിതമായ ഒരു വിശകലനം ഇവിടെ ഉദ്ധേശിക്കുന്നില്ല. കൂടുതൽ പഠിക്കണമെന്നുള്ളവർക്ക് രണ്ട് ഭാഗത്തുമുള്ള പുസ്തകങ്ങളും സി ഡി കളും ലഭ്യമാണു. കെ എൻ എം പണ്ഡിതന്മാരിൽ ശിർക്കൻ വിശ്വാസം ആരോപിക്കാനായി സലാം സുല്ലമി നടത്തുന്ന പ്രധാന ആരോപണങ്ങൾ ഓരോന്നായി വിശദീകരിക്കാം.

### 1. "അല്ലാഹുവിന്റെ അടിമകളേ (മനുഷ്യൻ, ജിന്ന്, മലക്ക്) സഹായിക്കണേ" എന്ന ഹദീസ്

വിജനമായ സ്ഥലത്ത് വെച്ച് ആപത്ത് സംഭവിച്ചാൽ അല്ലാഹുവിന്റെ 'അടിമകളെ' നിങ്ങൾ എന്നെ സഹായിക്കുവിൻ എന്ന് വിളിച്ച് പറയുന്നത് സംബന്ധിച്ച് ഒരു ഹദീസിൽ വന്നിട്ടുണ്ട്. ഈ ഹദീസിൽ 'അടിമകളെ' എന്ന് പറഞ്ഞതിൽ മനുഷ്യൻ മാത്രമല്ല, ജിന്നുകളും മലക്കുകളും കൂടി ഉൾപ്പെടും എന്ന് പ്രഗത്ഭരായ പല മുൻകാല ഹദീസ് വ്യാഖ്യാതാക്കളും അഭിപ്രായപ്പെട്ടിട്ടുമുണ്ട്.

മരിച്ച് പോയ മഹാത്മാക്കളെ വിളിച്ച് പ്രാർത്ഥിക്കാൻ ഈ ഹദീസിനെ സുന്നികൾ തെളിവായി ഉദ്ധരിക്കുക പതിവാണ്. ഇതേ ആശയം അമ്പലക്കടവ് ഫൈസി ചന്ദ്രികയിൽ എഴുതിയിരുന്നു. ഇതിനെ ഖണ്ഡിച്ച് കൊണ്ട്, പി അബ്ദുൽ ജബ്ബാർ മൗലവി ഇസ്‌ലാഹ് മാസികയിൽ (ഏപ്രിൽ 2007, പേജ് 42) എഴുതിയ "അമ്പലക്കടവിന്റെ അതിഗംഭീര ചോദ്യങ്ങൾ, മുറുപടി", എന്ന ലേഖനത്തിലെ ഒരു വരിയാണു സലാം സുല്ലമി തന്റെ വ്യാജ ശിർക്ക് ആരോപണത്തിന്ന് ഉപയോഗിക്കുന്ന പ്രധാന തെളിവുകളിലൊന്ന്. ഈ ആരോപണം അൽപം വിശദീകരിക്കാം

ശബാബിൽ (2007 ജൂൺ 1, പേജ് 10) അബ്ദുസ്സലാം സുല്ലമി എഴുതുന്നു.

"പകൽ വെളിച്ചത്തിൽ വിജനമായ മരുഭൂമിയിലൂടെ വഴിയറിയാതെ നടന്ന് നീങ്ങുന്ന ഒരാൾ പരിസരത്ത് ആരെയും കാണുന്നില്ല, ഇവിടെ എന്റെ ശബ്ദം കേൾക്കുന്ന ആരെങ്കിലും (മനുഷ്യൻ, മലക്ക്, ജിന്ന്) എന്നെ സഹായിക്കട്ടെ എന്ന് നിനച്ച് പടപ്പുകളേ എന്നെ സഹായിക്കണേ, എനിക്ക് വഴി കാണിച്ച് തരണേ എന്ന് ഉച്ചത്തിൽ വിളിച്ച് പറയുന്നുവെങ്കിൽ അഭൗതിക മാർഗത്തിലുള്ള സഹായ തേട്ടം അതിലില്ല". ഇസ്‌ലാഹ് മാസിക (ഏപ്രിൽ 2007, പേജ് 42). മറുപടി: ഈ ഹദീസ് ഒരു വാറോലയാണു. തെളിവിന് കൊള്ളുകയില്ല."

തുടർന്ന് അദ്ദേഹം മലക്കുകളോടും ജിന്നിനോടും സഹായം ചോദിക്കുന്നത് ശിർക്കാണെന്ന് എഴുതുന്നു. "ചില മൗലവിമാർ പറയുന്നത് പോലെ മലക്കുകളും ജിന്നുകളും" അല്ലാഹുവിന്റെ അടിമകളേ എന്നതിൽ ഉൾപ്പെടുകയില്ല എന്നും എഴുതുന്നു. ശേഷം അദ്ദേഹം തുടരുന്നു "ഏക ദൈവ വിശ്വാസികളെ സംബന്ധിച്ച് മലക്കുകൾ, മുസ്‌ലിം ജിന്നുകൾ, പിശാചുക്കൾ മുതലായവരോട് സഹായം തേടൽ നിരുപാധികം പ്രാർത്ഥനയും ശിർക്കും കുഫ്റുമാണ്" (ഇസ്‌ലാഹ് മാസികയിലെ ഇതേ ഉദ്ധരണി എടുത്ത് എഴുതിയ ശേഷം, 2007 ജൂലൈ 6 ലെ ശബാബിലും, 2008 മാർച്ച് 28 ലെ ശബാബിലും ശിർക്കാരോപണം ആവർത്തിക്കുന്നുണ്ട്)

ശബാബിൽ കൊടുത്ത മറുപടി ഇസ്‌ലാഹിൽ ആവർത്തിച്ചതാണ്.

വാസ്തവത്തിൽ മരിച്ച് പോയ മഹാത്മാക്കളെ വിളിച്ച് പ്രാർത്ഥിക്കാൻ ഈ ഹദീസിനെ തെളിവായി അവതരിപ്പിക്കുന്ന സുന്നികൾക്ക്, മുജാഹിദുകൾ പണ്ട് മുതലേ കൊടുത്ത് കൊണ്ടിരിക്കുന്ന മറുപടി ഇസ്‌ലാഹിൽ ആവർത്തിച്ചതാണ്. ഉദാഹരണമായി, ഇതേ ചോദ്യത്തിനു ശബാബ് മുമ്പ് കൊടുത്ത മറുപടി കാണുക. 2005 മേയിൽ മടവൂർ വിഭാഗത്തിന്റെ യുവത ബുക് ഹൗസ് പുറത്തിറക്കിയ, നിത്യ ജീവിതത്തിലെ ഇസ്‌ലാമിക നിയമങ്ങൾ സംശയവും മറുപടിയും എന്ന പുസ്തകത്തിൽ (പേജ് 36, 37) ചെറിയമുണ്ടം അബ്ദുൽ ഹമീദ് മദനി എഴുതുന്നു.

ചോദ്യം : വിജനമായ സ്ഥലത്ത് വെച്ച് എന്തെങ്കിലും ആപത്ത് സംഭവിച്ചാൽ 'യാ ഇബാദല്ലാ അഈനൂനി' അല്ലാഹുവിന്റെ അടിമകളെ എന്നെ സഹായിക്കണം എന്നു പറയണം. മഹാനായ പ്രവാചകൻ(സ) പഠിപ്പിച്ച പ്രാർത്ഥനയാണ്.........ഒരു മുസ്‌ലിയാർ നടത്തിയ പ്രസംഗത്തിന്റെ പ്രസക്ത ഭാഗമാണു മുകളിൽ കൊടുത്തത്. ഈ ഹദീസിനെ സംബന്ധിച്ച് 'മുസ്‌ലിം' എന്ത് പറയുന്നു?

ഉത്തരം: (ആദ്യ രണ്ട് പാരഗ്രാഫിൽ പ്രാർത്ഥന അല്ലാഹുവോടു മാത്രമേ പാടുള്ളൂ എന്ന് വിശദീകരിച്ച ശേഷം ചെറിയമുണ്ടം അബ്ദുൽ ഹമീദ് മദനി തുടരുന്നു). ജിന്നുകൾ അല്ലാഹുവിന്റെ അടിമകളാണ്. അവരുടെ അസ്തിത്വത്തെയോ കഴിവുകളെയോ സംബന്ധിച്ച് വിശുദ്ധ ഖുർആനിലോ പ്രാമാണികമായ ഹദീസിലോ ഇല്ല. സുലൈമാൻ നബി(അ) ജിന്നുകളെക്കൊണ്ട് ജോലി ചെയ്യിച്ചിരുന്നു. അവരോട് പലകാര്യങ്ങളും ആവശ്യപ്പെട്ടിരുന്നു. എന്നാൽ അദ്ദേഹം ജിന്നുകളോട് പ്രാർത്ഥിച്ചുവെന്ന് ഖുർആനിലോ ഹദീസിലോ പറഞ്ഞിട്ടില്ല. അതുപോലെ വിജന പ്രദേശത്ത് ഉണ്ടായേക്കാൻ സധ്യതയുള്ള ജിന്നുകളും മലക്കുകളും ഉൾപ്പെടെയുള്ള സൃഷ്ടികളോട് അവർക്ക് കഴിവു നൽകപ്പെട്ട വിഷയത്തിൽ സഹായം ആവശ്യപ്പെട്ടാൽ അതും പ്രാർത്ഥനയാണെന്ന് പറയാവുന്നതല്ല. പക്ഷെ, ഒറ്റപ്പെട്ട ഒരു റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇങ്ങനെയുള്ള സഹായാഭ്യർത്ഥന ഇസ്‌ലാമിലെ ഒരു അംഗീകൃത സമ്പ്രദായമാണെന്ന് പറയാവുന്നതല്ല". (യുവത തന്നെ പുറത്തിറക്കിയ അബ്ദുൽ ഹമീദ് മദനിയുടെ, പ്രാർത്ഥന തൗഹീദ് ച്യോദ്യങ്ങൾക്ക് മറുപടി, എന്ന പുസ്തകത്തിലും ഇതേ ച്യോദ്യോത്തരം (ച്യോദ്യം 39) എടുത്ത് കൊടുത്തിട്ടുണ്ട് ).

ജിന്നുകളും മലക്കുകളും ഉൾപ്പെടെയുള്ള അടിമകളെ എന്ന് വിളിച്ചാൽ ശിർക്കാവില്ല എന്ന് ശബാബ്

ശബാബിന്റെ ഔദ്യോഗിക അഭിപ്രായമായി പരിഗണിക്കാവുന്നത് "മുസ്‌ലിം" എന്ന ചോദ്യോത്തര പംക്തിയിൽ വന്ന "ജിന്നുകളും മലക്കുകളും ഉൾപ്പെടെയുള്ള സൃഷ്ടികളോട് അവർക്ക് കഴിവു നൽകപ്പെട്ട വിഷയത്തിൽ സഹായം ആവശ്യപ്പെട്ടാൽ അതും പ്രാർത്ഥനയാണെന്ന് പറയാവുന്നതല്ല" എന്ന ഫത്‌വയെയാണു. ഈ ഹദീസിൽ പരാമർശിച്ച ആശയം ശിർക്കാണെന്ന സലാം സുല്ലമിയുടെ പുതിയ വാദം യുവത ഇപ്പോഴും വിൽപന നടത്തുന്ന പുസ്തകങ്ങളിലും അബ്ദുൽ ഹമീദ് മദനി എഴുതുന്നില്ല

2007 ഏപ്രിലിലെ ഇസ്‌ലാഹിൽ വന്ന പരാമർശം ചിലർ തെറ്റിദ്ധരിപ്പിക്കുന്നത് ചൂണ്ടിക്കാണിച്ചപ്പോൾ, ഇസ്‌ലാഹ് പത്രാധിപർ തന്നെ അത് വിശദീകരിക്കുന്നത് കാണുക. "ചോദ്യത്തിന്റെ തുടക്കത്തിൽ ഇസ്‌ലാഹി പ്രസ്ഥാനത്തെക്കുറിച്ച് ചോദ്യകർത്താവ് പറഞ്ഞ പ്രകാരം പ്രാർത്ഥന അല്ലാഹുവോട് മാത്രം എന്ന തത്വമാണ് അന്നും ഇന്നും എന്നും ഇസ്‌ലാഹി പ്രസ്ഥാനം പ്രതിനിധാനം ചെയ്യുന്നത്. അതിൽ യാതൊരു മാറ്റവുമില്ല. എന്നാൽ ചോദ്യകർത്താവ് എടുത്തുദ്ധരിച്ച വാചകങ്ങളിൽ നിന്നും അല്ലാഹുവല്ലാത്തവരോട് പ്രാർത്ഥിക്കൽ അനുവദനീയമാണെന്ന സങ്കൽപ്പം ലേഖകൻ ഉദ്ധേശിച്ചിട്ടേ ഇല്ല.....നമ്മുടെ ജീവിതത്തിലെ ഒരു സാഹചര്യത്തിലും ജിന്നിനോട് സഹായം തേടാൻ ഖുർആനിലും ഹദീസിലും തെളിവില്ല. ഇത്തരം ദുഷ്പ്രചരണങ്ങളെ കരുതിയിരിക്കുക".

അബ്ദുസ്സലാം സുല്ലമിയുടെ 'അല്ലാഹുവിന്റെ അടിമകളെ എന്നെ സഹായിക്കുവിൻ' എന്ന ലേഖനത്തിലെ (ശബാബ്, 2007 ജൂൺ 1) ആരോപണങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം.

1. അല്ലാഹുവിന്റെ അടിമകളെ നിങ്ങൾ എന്നെ സഹായിക്കുവിൻ എന്ന ഹദീസ് വാറോലയാണ്. തെളിവിന്ന് കൊള്ളുകയില്ല. ഈ ഹദീസ് ഇസ്ലാഹ് മാസികയിൽ കൊടുത്തത് ശരിയായില്ല.

മറുപടി: സുന്നി പണ്ഡിതന്റെ വാദം ശബാബിൽ എടുത്തെഴുതിയത് പോലെ ഇസ്‌ലാഹിലും എഴുതിയത് ശിർക്കൻ വാദത്തെ ഖണ്ഡിക്കാൻ വേണ്ടി മാത്രമാണ്. ഹദീസിനെ തന്നെ നിഷേധിക്കുന്ന അബ്ദുസ്സലാം സുല്ലമിയുടെ രീതി അബ്ദുൽ ഹമീദ് മദനി സ്വീകരിച്ചില്ല എന്നതും ശ്രദ്ധേയമാണ്.

2 അല്ലാഹുവിന്റെ അടിമകളെ എന്നതിൽ മൻഷ്യൻ മാത്രമേ ഉൾപ്പെടുന്നുള്ളൂ. കെ എൻ എമ്മിലെ ചില മൗലവിമാർ മലക്കുകളേയും ജിന്നുകളേയും 2007 ൽ ബോധപൂർവ്വം ഉൾപ്പെടുത്തിയതാണ്.

മറുപടി: ശബാബിലെ ച്യോദ്യോത്തരത്തിൽ "ജിന്നുകളും മലക്കുകളും ഉൾപ്പെടെയുള്ള സൃഷ്ടികളോട്" എന്ന് മുമ്പ് തന്നെ എഴുതിയത് നാം കണ്ടു. മടവൂർ വിഭാഗം ഇപ്പോഴും വിറ്റ് കൊണ്ടിരിക്കുന്ന, മുകളിൽ കൊടുത്ത രണ്ട് പുസ്തകങ്ങളിൽ ഈ പരാമർശം ഇപ്പോഴുമുണ്ട്. മനപൂർവ്വം ഇതെല്ലാം മറച്ച് പിടിച്ചുകൊണ്ടാണു സുല്ലമി വ്യാജ ആരോപണം നടത്തുന്നത്.

3 മലക്കുകളോടും ജിന്നിനോടും സഹായം തേടുക എന്ന ശിർക്കൻ വിശ്വാസത്തിന് തെളിവുണ്ടാക്കാനാണ് കെ എൻ എമ്മിലെ ചില മൗലവിമാർ ഈ ഹദീസ് ഉദ്ധരിക്കുന്നത്. "(മനുഷ്യൻ, മലക്ക്, ജിന്ന്) എന്നെ സഹായിക്കട്ടെ" എന്ന് ഇസ്‌ലാഹിൽ എഴുതിയതിലൂടെ ചില മൗലവിമാർ ശിർക്കും കുഫ്റും പ്രചരിപ്പിക്കുകയാണ്. അത് കൊണ്ട് അവർ മുശ്‌രിക്കുകളാണ്.

മറുപടി: പ്രാർത്ഥന അല്ലാഹുവോട് മാത്രമേ പാടുള്ളൂ എന്ന് തെളിയിക്കാനാണ് സുന്നികൾ തെളിവായി ഉദ്ധരിക്കുന്ന ഈ ഹദീസ് ശബാബും ഇസ്‌ലാഹും എടുത്തെഴുതിയത്. വാസ്തവത്തിൽ സലാം സുല്ലമിയുടെ ശിർക്കാരോപണം ചെന്നെത്തുന്നത് "ജിന്നുകളും മലക്കുകളും ഉൾപ്പെടെയുള്ള സൃഷ്ടികളോട്" എന്ന് എഴുതിയ ശബാബിലും ചെറിയമുണ്ടം അബ്ദുൽ ഹമീദ് മദനിയിലും യുവതയിലുമാണ്. ഈ വ്യാജ ആരോപണത്തിന് അവരാണു മറുപടി പറയേണ്ടത്.

**2.പിശാചുക്കൾ ചില വിവരങ്ങൾ എത്തിച്ച് കൊടുക്കുമെന്ന് വിശ്വസിച്ചാൽ ശിർക്കാകും**

ജോൽസ്യൻമാരും മന്ത്രവാദികളുമൊക്കെ പറയുന്ന കാര്യങ്ങളിൽ അപൂർവ്വം ചിലതെല്ലാം ശരിയായി വരാറുണ്ട് എന്ന് ചില അനുഭവസ്ഥർ പറയുന്നു. ചില മന്ത്രവാദികൾ അവരുടെ ദൈവീക കഴിവുകളായി ഇതിനെ വ്യാഖ്യാനിക്കാറുമുണ്ട്. എല്ലാ മറഞ്ഞ കാര്യങ്ങളും ഇഷ്ടം പോലെ അറിയുവാൻ ഒരാൾക്കും സാധ്യമല്ല എന്നത് തർക്കമില്ലാത്ത സംഗതിയാണ്. അത് കൊണ്ടാണ് വിഗ്രഹ മോഷണവും കൊലപാതകവുമൊക്കെ തെളിയിക്കാൻ ജോൽസ്യന്മാരെ ആരും ഉപയോഗിക്കാത്തത്.

ജോൽസ്യൻമാർ പറയുന്നത് അപൂർവ്വമായെങ്കിലും ശരിയായി വരുന്നത് എന്ത് കൊണ്ടാണെന്ന് മുൻകാല മുജാഹിദ് പണ്ഡിതന്മാർ ചർച്ച ചെയ്തിട്ടുണ്ട്. ഭൂരിപക്ഷവും അഭിപ്രായപ്പെട്ടിട്ടുള്ളത് ജോത്സ്യന്മാർ പിശാചുക്കളെ പ്രീതിപ്പെടുത്തി അവരുടെ സഹായത്തോടെയായിരിക്കാം ഇത്തരം കാര്യങ്ങൾ പറയുന്നത് എന്നാണ്. എന്നാൽ കെ എൻ എം നേതാക്കളെ മുശ്‌രിക്കാക്കാനുള്ള വ്യഗ്രതയിൽ, സലാം സുല്ലമി ഇതിനെയെല്ലാം നിഷേധിക്കുകയും, മുൻകാല പണ്ഡിതരുടെ അഭിപ്രായം ഉദ്ധരിച്ച കെ എൻ എമ്മിലെ യുവ പണ്ഡിതരെ മുശ്‌രിക്കാക്കുയുമാണ് ചെയ്യുന്നത്. ഒരു ഉദാഹരണം താഴെ കൊടുക്കുന്നു.

ശബാബിൽ (2007 ജനുവരി 19, പേജ് 10) അബ്ദുസ്സലാം സുല്ലമി എഴുതുന്നു.

"മന്ത്രവാദികളെയും ജോൽത്സ്യൻമാരെയും സമീപിക്കുന്നവരുടെ ഉദ്ദേശ്യം അവർ പറയും. പിശാച് അവർക്ക് അറിയിച്ച് കൊടുക്കുന്നതാണിത്....ഇത് അദൃശ്യം അല്ലാഹുവിന്ന് മാത്രമേ അറിയൂ എന്നതിന്ന് എതിരല്ല (ഹാരിസിബ്നു സലീം)". തുടർന്ന് ജോത്സ്യൻമാർക്ക് ഇങ്ങനെ ഒന്നും തന്നെ പറയാൻ കഴിയില്ല എന്നും, അങ്ങനെ ആരെങ്കിലും പറയുന്നുണ്ട് എങ്കിൽ അത് അദൃശ്യം അറിയൽ തന്നെയാണെന്നും സലാം സുല്ലമി എഴുതുന്നു. ശേഷം സലാം സുല്ലമി തുടരുന്നു "അല്ലാഹു അല്ലാത്തവർക്ക് അദൃശ്യം അറിയുവാൻ സ്വയം കഴിവുണ്ടെന്ന് വിശ്വസിക്കലും, അദൃശ്യം അറിയുവാൻ അല്ലാഹു അവർക്ക് കഴിവു നൽകിയിട്ടുണ്ടെന്ന് വിശ്വസിക്കലും ശിർക്കാണ്."

**"പിശാച് അവരുടെ ആളുകളെ സഹായിക്കുന്നുണ്ട്"- മുൻകാല മുജാഹിദ് നേതാക്കൾ**

1. കെ എൻ എം പ്രസിഡന്റ് ആയിരുന്ന ഡോ. ഉസ്മാൻ സാഹിബ് (റ)എഴുതുന്നു

"ഒരിക്കലും ഹിദായത്ത് ലഭിക്കാത്ത അന്ധകാരത്തിൽ അകപ്പെടുക എന്ന ദൈവീക ശിക്ഷക്ക് പാത്രീഭൂതമാകുന്നതോടെ പിശാചിന്റെ മിത്രമാവുകയെന്ന ബഹുമതി ലഭിക്കുകയും പിശാചിൽ നിന്നുള്ള ചില്ലറ ഉപകാരങ്ങൾ ലഭിക്കുകയും അങ്ങനെ അന്ധകാരം പ്രകാശമാണെന്ന മിഥ്യാ ധാരണയുണ്ടാവുകയും ചെയ്യുന്നു. അവർ പൈശാചികമായതിനെ ദൈവീകമായി തെറ്റിദ്ധരിക്കുന്നു. പിശാചിൽ നിന്നും അവർക്ക് സന്ദേശങ്ങൾ ലഭിക്കുന്നു. ഭാവിയെ പറ്റിയും മറ്റുള്ള മറഞ്ഞ കാര്യങ്ങളും തൊണ്ണൂറ്റി ഒമ്പത് ശതമാനവും കളവായിരിക്കാമെങ്കിലും പിശാച് അവന്റെ മിത്രങ്ങൾക്ക് വഹ്‌യായി നൽകുന്നു" ......"ഒരാൾ എന്തെങ്കിലും ആവശ്യത്തിന് അവരെ കാണുവാൻ വരുകയാണെങ്കിൽ അയാൾ ആരാണെന്നും എന്തിനാണു വരുന്നതെന്നും മറ്റും അവർ പറഞ്ഞ് കളയും. വലിയ്യിന്റെ ശൈത്വാൻ വരുന്ന ആളുടെ ശൈത്വാനുമായി ബന്ധപ്പെട്ട് അറിഞ്ഞ കാര്യങ്ങൾ വലിയ്യിന്റെ മനസ്സിൽ ഇട്ട് കൊടുക്കുന്നു". (സൽസബീൽ 1994, മാർച്ച്)

2. വിശുദ്ധ ഖുർആൻ പരിഭാഷ എഴുതിയ അമാനി മൗലവി (റ) എഴുതുന്നു

"അത്തരക്കാരെ സമീപിക്കുന്ന പാമരൻമാർക്കൊ, പ്രസ്തുത വൈതാളികൻമാർക്കൊ കണ്ടറിയാൻ കഴിഞ്ഞിട്ടില്ലാത്ത ഏതെങ്കിലും വാർത്തകൾ പിശാച് കണ്ടറിയും. പല വ്യാജ മന്ത്രങ്ങളുടെ കൂട്ടത്തിൽ ആ വ്യാജ വാർത്തയും അവൻ അവർക്ക് ദുർബോധനം ചെയ്കയും ചെയ്തേക്കുന്നതാണ്. അതുകൊണ്ടാണു ഹദീസിൽ സൂചിപ്പിച്ച പ്രകാരം ഏതോ ചില കാര്യങ്ങൾ പ്രശ്നക്കാർ പറയുന്നത് ഒത്തുവരുന്നത്" (വിശുദ്ധ ഖുർആൻ വിവരണം. 3/2347)

**സലാം സുല്ലമി മുശ്‌രിക്കാക്കുന്നത് ആദ്യ കാല മുജാഹിദ് നേതാക്കളെയാണ്**

ചുരുക്കത്തിൽ, പിശാച് അവരുടെ ആളുകൾക്ക് ചില വാർത്തകൾ എത്തിച്ച് കൊടുത്തേക്കാം എന്ന് വിശ്വസിച്ചാൽ മുശ്‌രിക്കാകും എന്ന സലാം സുല്ലമിയുടെ പുതിയ വാദപ്രകാരം അമാനി മൗലവിയും(റ), ഡോ. ഉസ്മാൻ സാഹിബും(റ), സൽസബീലിന്റെ പത്രാധിപരായ ഉമർ മൗലവി(റ)യും മരണപ്പെട്ടുപോയ മറ്റു മുജാഹിദ് പണ്ഡിതരും മുശ്‌രിക്കുകളായിത്തീരും.(നഊദു ബില്ലാഹ്).

മുൻകാല നേതാക്കളെ മുശ്‌രിക്കാക്കുന്ന, ഗുരുതരമായ വ്യാജ ആരോപണങ്ങൾ തിരുത്താനുള്ള സൻമനസ്സ് അബ്ദുസലാം സുല്ലമിക്ക് അല്ലാഹു പ്രദാനം ചെയ്യട്ടെ (ആമീൻ) എന്ന് നമുക്ക് പ്രാർത്ഥിക്കാം.

*നാസർ പാലക്കാട്*

(തുടരും)